# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 402 | 27.02.2018 - ൽ മറുപടിയ്ക്ക് |
|---|---|

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജി.എസ്.ടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മോൻസ് ജോസഫ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എങ്ങനെയാണ് ജി.എസ്.ടി നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കാമോ? ഇവയിൽ ഏത് തരത്തിലാണ് ജി.എസ്.ടി ബാധകമാകുന്നത് എന്നറിയിക്കാമോ; | (എ) | ജി.എസ്.ടി യിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സർക്കാർ സ്ഥാപനങ്ങളായി കണക്കാക്കുന്നു. സർക്കാർ സേവനങ്ങൾ മിക്കതും നികുതി വിമുക്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തനതു വില്പനയ്ക്ക് സാധാരണ വ്യാപാരികളെപ്പോലെ ഇൻവോയ്സ് നൽകേണ്ടതാണ്. ടി.ഡി.എസ്. നിരക്ക് 2% (1% എസ്.ജി.എസ്.ടി + 1% സി.ജി.എസ്.ടി) ആണ്. 31.03.2018 വരെ ടി.ഡി.എസ് ബാധകമല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് റിവേഴ്സ് ചാർജ്ജ് ഇല്ല. പഴയ സാധനങ്ങൾ, സ്ക്രാപ്പ് എന്നിവയുടെ വില്പനയ്ക്ക് വാങ്ങുന്നയാൾ റിവേഴ്സ് ചാർജ്ജ് അടയ്ക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ കരാർ പണികൾക്ക് തുടക്കത്തിൽ ഉണ്ടായിരുന്ന 18% നികുതിനിരക്ക് 12% ആയി കുറച്ചിട്ടുണ്ട്. എന്നാൽ വാണിജ്യാവശ്യങ്ങൾക്കുപയോഗിക്കുന്ന നിർമ്മാണപ്രവൃത്തികൾക്ക് 18% നികുതിനിരക്ക് തുടരുന്നു. ജി.എസ്.ടി നടപ്പിലാകുന്നതിന് മുൻപ് ഏറ്റെടുത്ത കരാറുകൾ വാറ്റ് നിരക്കിൽ കരാറുറപ്പിച്ചതിനാൽ ചിലതരം പ്രവർത്തികൾക്ക് കരാർ തുക പരമാവധി 5% വരെ ഉയർത്തി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ഉത്തരവ് |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ട്. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കേണ്ടതായ ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി സപ്ലൈ ഉണ്ടെങ്കിൽ, സാധാരണ വ്യാപാരികളുടെതുപോലെ ജി.എസ്.ടി രജിസ്ട്രേഷനെടുത്ത് ജി.എസ്.ടി പിരിച്ച് അടയ്ക്കാനുള്ള ബാധ്യതയുണ്ട്. എന്നാൽ ഇവർക്ക് ഉപയോഗിച്ച സാധനങ്ങളുടെ വില്പന മാത്രമാണുള്ളതെങ്കിൽ രജിസ്ട്രേഷൻ ബാധ്യതയില്ല. സാധനങ്ങൾ വാങ്ങുന്നയാൾ റിവേഴ്സ് ചാർജ് ആയി നികുതി അടയ്ക്കണം. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന കരാർ പ്രവർത്തികൾക്ക് ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം ടിഡിഎസ് പിടിക്കുന്നതിനായി രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. ടിഡിഎസ് 31.03.2018 വരെ നിർത്തിവച്ചിട്ടുണ്ടെങ്കിലും ടിഡിഎസ് നുവേണ്ടി രജിസ്ട്രേഷൻ എടുക്കാനുള്ള ബാധ്യതയുണ്ട്. ഇത്തരം രജിസ്ട്രേഷന് പാൻ നിർബന്ധമില്ല. തനതു വില്പനയുണ്ടെങ്കിൽ മാത്രം നോർമൽ രജിസ്ട്രേഷൻ എടുത്താൽ മതിയാകും. |
| (സി) | ഇൻവോയ്സ് റൂൾസ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇതര സേവനങ്ങൾക്കും, നിശ്ചിത ഫോറങ്ങൾ നിർബന്ധമാണോയെന്ന് അറിയിക്കാമോ; | (സി) | ഭൂരിഭാഗം സർക്കാർ സേവനങ്ങളും ജി.എസ്.ടി യിൽ നികുതിവിമുക്തമാണ്. വാറ്റ് നിയമത്തിലുണ്ടായിരുന്നതു പോലെ ജി.എസ്.ടി യിൽ ഇൻവോയ്സിന് പ്രത്യേക ഫോർമാറ്റ് നിശ്ചയിച്ചിട്ടില്ല. ജി.എസ്.ടി ചട്ടം 46 ൽ ഏതെല്ലാം വിശദാംശങ്ങൾ ടാക്സ് ഇൻവോയിസിൽ ഉൾപ്പെടുത്തണമെന്ന് പ്രതിപാദിച്ചിട്ടുണ്ട്. അവ നിർബന്ധമായും ഇൻവോയിസിൽ ഉണ്ടാകേണ്ടതാണ്. |

സെക്ഷൻ ഓഫീസർ